## മധുരമായ കുട്ടികളെ - നിങ്ങൾക്ക് ബാബയ്ക്ക് സമാനം മധുരമാകണം, ആർക്കും ദുഃഖം നൽകരുത്, ഒരിക്കലും ക്രോധിക്കരുത്

**ചോദ്യം:-** കർമ്മങ്ങളുടെ ഗുഹ്യഗതിയെ അറിഞ്ഞ് കൊണ്ട് നിങ്ങൾ കുട്ടികൾക്ക് ഏതൊരു പാപ കർമ്മം ചെയ്യാൻ സാധിക്കില്ല?
**ഉത്തരം:-** ഇന്നുവരെയ്ക്കും ദാനത്തെ പുണ്യ കർമ്മമായാണ് മനസ്സിലാക്കിയിരുന്നത്, എന്നാൽ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ദാനം ചെയ്യുന്നതിലൂടെയും പലപ്പോഴും പാപമുണ്ടാകുന്നുണ്ട് എന്തുകൊണ്ടെന്നാൽ ആർക്കെങ്കിലും പണം കൊടുത്തു, ആ പണം കൊണ്ട് പാപം ചെയ്താൽ അതിന്റെ പ്രഭാവവും നിങ്ങളുടെ അവസ്ഥയിൽ അവശ്യം ബാധിക്കും, അതുകൊണ്ട് ദാനവും മനസ്സിലാക്കി ചെയ്യണം.

**ഗീതം:-** ഈ പാപത്തിന്റെ ലോകത്ത് നിന്ന്.....

**ഓം ശാന്തി**. ഇപ്പോൾ നിങ്ങൾ കുട്ടികൾ മുന്നിലിരിക്കുന്നുണ്ടല്ലോ. ബാബ പറയുന്നു അല്ലയോ ജീവാത്മാക്കളേ കേൾക്കുന്നുണ്ടോ. ആത്മാക്കളോടാണ് സംസാരിക്കുന്നത്. ആത്മാക്കൾക്കറിയാം - നമ്മുടെ പരിധിയില്ലാത്ത പിതാവ് നമ്മളെ കൊണ്ട് പോകുകയാണ്, ദുഃഖത്തിന്റെ പേരു പോലുമില്ലാത്ത സ്ഥലത്തേക്ക്. ഗീതത്തിലുമുണ്ട് ഈ പാപത്തിന്റെ ലോകത്ത് നിന്ന് പാവന ലോകത്തിലേക്ക് കൊണ്ട് പോകൂ എന്ന്. പതിത ലോകമെന്ന് ഏതിനെയാണ് പറയുന്നതെന്ന് ലോകർക്കറിയില്ല. നോക്കൂ, ഇന്നത്തെ കാലത്ത് മനുഷ്യരിൽ കാമവും, ക്രോധവും എത്ര തീവ്രമാണ്. കോധത്തിന് വശപ്പെട്ട് ഞാൻ ഇവരുടെ ദേശത്തെ തന്നെ നശിപ്പിക്കുമെന്ന് പറയുന്നു. അല്ലയോ ഭഗവാൻ ഞങ്ങളെ ഘോരമായ അന്ധകാരത്തിൽ നിന്ന് അതി പ്രകാശത്തിലേക്ക് കൊണ്ടുപോകൂ എന്നും പറയുന്നു എന്തുകൊണ്ടെന്നാൽ പഴയ ലോകമാണ്. കലിയുഗത്തെ പഴയ യുഗമെന്നും, സത്യയുഗത്തെ പുതിയ യുഗമെന്നും പറയുന്നു. ബാബക്കല്ലാതെ പുതിയ യുഗമുണ്ടാക്കാൻ ആർക്കും സാധിക്കില്ല. നമ്മുടെ മധുരമായ ബാബ നമ്മളെയിപ്പോൾ ദുഃഖധാമത്തിൽ നിന്ന് സുഖധാമത്തിലേക്ക് കൊണ്ടുപോകുന്നു. ബാബാ അങ്ങേയ്ക്കല്ലാതെ ഞങ്ങളെ മറ്റാർക്കും സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാൻ സാധിക്കില്ല. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. എന്നിട്ടും ആരുടെയും ബുദ്ധിയിലിരിക്കുന്നില്ല. ഈ സമയം ബാബയുടെ ശ്രേഷ്ഠ മതം ലഭിക്കുന്നു. ശ്രേഷ്ഠ മതത്തിലൂടെ നമ്മൾ ശ്രേഷ്ഠമാകുന്നു. ഇവിടെ ശ്രേഷ്ഠമാകുകയാണെങ്കിൽ ശ്രേഷ്ഠ ലോകത്തിൽ ഉയർന്ന പദവി നേടും. ഇത് ഭ്രഷ്ടാചാരീ രാവണന്റെ ലോകമാണ്. തന്റെ മതത്തിലൂടെ നടക്കുന്നതിനെയാണ് മൻമത്തെന്ന് പറയുന്നത്. ബാബ പറയുന്നു ശ്രീമത്തിലൂടെ നടക്കൂ. നിങ്ങളെ പിന്നീട് അടിക്കടി ആസുരീയ മതം നരകത്തിലേക്ക് തള്ളിയിടുന്നു. ക്രോധിക്കുന്നത് ആസുരീയ മതമാണ്. ബാബ പറയുന്നു ആരോടും ക്രോധിക്കരുത്. സ്നേഹത്തോടെ പോകൂ. ഓരോരുത്തർക്കും അവരവർക്ക് വേണ്ടി നിർദ്ദേശമെടുക്കണം. ബാബ പറയുന്നു കുട്ടികളെ എന്തിനാണ് പാപം ചെയ്യുന്നത്, പുണ്യത്തോടെ കാര്യം നടത്തൂ. തന്റെ ചിലവ് കുറയ്ക്കൂ. തീർത്ഥ സ്ഥലങ്ങളിൽ അലയുക, സന്യാസികളുടെ അടുത്ത് അലയുക, ഈ എല്ലാ കർമ്മ കാണ്ഡങ്ങളിലും എത്ര ചിലവാണ് ചെയ്യുന്നത്. അതിൽ നിന്നെല്ലാം മോചിപ്പിക്കുന്നു. വിവാഹത്തിൽ മനുഷ്യർ എത്രയാണ് ആഘോഷിക്കുന്നത്, കടം വാങ്ങിയും വിവാഹം കഴിപ്പിക്കുന്നു. ഒന്ന് കടമെടുക്കുന്നു, രണ്ട് പതിതമാകുന്നു. ആര് പതിതമാകാൻ ആഗ്രഹിക്കുന്നോ അവർ പോയി പതിതമാകട്ടെ. എന്നാൽ ആര് ശ്രീമതത്തിലൂടെ നടന്ന് പവിത്രമാകുന്നോ അവരെ എന്തിനാണ് തടയുന്നത്. മിത്ര സംബന്ധികൾ മുതലായവർ ലഹള ഉണ്ടാക്കുകയാണെങ്കിൽ സഹിക്കേണ്ടി തന്നെ വരും. മീരയും എല്ലാം സഹിച്ചില്ലേ. പരിധിയില്ലാത്ത ബാബ വന്നിരിക്കുന്നു, രാജയോഗം പഠിപ്പിച്ച് ഭഗവാൻ ഭഗവതി പദവി പ്രാപ്തമാക്കിക്കുന്നു. ലക്ഷ്മീ ഭഗവതിയെന്നും, നാരായണ ഭഗവാനെന്നും പറയുന്നു. കലിയുഗ അന്തിമത്തിൽ എല്ലാവരും പതിതമാണ് പിന്നീട് അവരെ ആരാണ് പരിവർത്തനപ്പെടുത്തിയത്. ഇപ്പോൾ ബാബ എങ്ങനെയാണ് വന്ന് സ്വർഗ്ഗം അഥവാ രാമരാജ്യത്തിന്റെ സ്ഥാപന ചെയ്യിക്കുന്നതെന്ന് നിങ്ങൾക്കറിയാം. നമ്മൾ സൂര്യവംശീ അഥവാ ചന്ദ്രവംശീ പദവി നേടുന്നതിന് വേണ്ടി ഇവിടെ വന്നിരിക്കുന്നു. ആര് സൂര്യവംശീ സത്പുത്രരായ കുട്ടികളാണോ അവർ നല്ല രീതിയിൽ പഠിത്തം പഠിക്കും.

ബാബ എല്ലാവർക്കും മനസ്സിലാക്കി തരുന്നു - പുരുഷാർത്ഥം ചെയ്ത് നിങ്ങൾ മാതാ-പിതാവിനെ പിൻതുടരൂ. ഇവരുടെ അവകാശിയായി കാണിക്കൂ അങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യൂ. മമ്മാ ബാബയെന്ന് പറയുന്നുണ്ടെങ്കിൽ ഭാവിയിലെ സിംഹാസനധാരികളായി കാണിക്കൂ. ബാബ പറയുന്നു എന്നെക്കാളും മുന്നിൽ പോകുന്ന രീതിയിൽ പഠിക്കൂ. ഇങ്ങനെയുള്ള ധാരാളം കുട്ടികളുണ്ട് അവർ അച്ഛ

നെക്കാളും മുകളിൽ പോകുന്നു. പരിധിയില്ലാത്ത ബാബ പറയുന്നു ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ഞാനാകുന്നില്ല. എത്ര മധുരമായ ബാബയാണ്. ബാബയുടെ ശ്രീമതം പ്രസിദ്ധമാണ്. നിങ്ങൾ ശ്രേഷ്ഠ ദേവീ-ദേവതകളായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്തെടുത്ത് ഇപ്പോൾ പതിതമായിരിക്കുന്നു. പരാജയത്തിന്റയും ജയത്തിന്റെയും കളിയാണ്. മായയോട് പൂർണ്ണ പരാജയം, അതേ മായയിൽ സമ്പൂർണ്ണ വിജയം. മനസ്സെന്ന വാക്ക് പറയുന്നത് തെറ്റാണ്, മനസ്സൊരിക്കലും നിശ്ചലമാകുകയില്ല. മനസ്സ് തീർച്ചയായും സങ്കൽപങ്ങൾ നടത്തും. നമ്മൽ ആഗ്രഹിക്കുകയാണ് സങ്കൽപങ്ങളില്ലാതെ ഇരിക്കാം എന്നാൽ ഏതുവരെ? കർമ്മം ചെയ്യുക തന്നെ വേണമല്ലോ. അവർ മനസ്സിലാക്കുന്നത് ഗൃഹസ്ഥ ധർമ്മത്തിൽ ജീവിക്കുക, ഈ കർമ്മം ചെയ്യരുതെന്നാണ്. ഈ ഹഠയോഗികളുടെയും*പാർട്ടുണ്ട്.* അവരുടേതും നിവർത്തി മാർഗ്ഗത്തിൽ പെട്ടവരുടെ ഒരു ധർമ്മമാണ് മറ്റൊരു ധർമ്മത്തിലും വീടും-കുടുംബവും ഉപേക്ഷിച്ച് കാട്ടിലേക്ക് പോകുന്നില്ല. അഥവാ ആരെങ്കിലും ഉപേക്ഷിട്ടുണ്ടെങ്കിൽ അതും സന്യാസിമാരെ കണ്ടിട്ടാണ്. ബാബ ആർക്കും വീടിനോട് വൈരാഗ്യം തോന്നിപ്പിക്കുന്നില്ല. ബാബ പറയുന്നു വീട്ടിൽ തന്നെ കഴിയൂ എന്നാൽ പവിത്രമാകൂ. പഴയ ലോകത്തെ മറന്ന് കൊണ്ട് പോകൂ. നിങ്ങൾക്കായി പുതിയ ലോകം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്കായി പുതിയ ലോകം ഉണ്ടാക്കുകയാണെന്ന് ശങ്കരാചാര്യർ സന്യാസിമാരോട് പറഞ്ഞിട്ടില്ല, അവരുടേത് പരിധിയുള്ള സന്യാസമാണ്, അതിലൂടെ അൽപകാല സുഖമാണ് ലഭിക്കുന്നത്. അപവിത്രരായ മനുഷ്യർ പോയി തല കുനിക്കുന്നു. പവിത്രതക്ക് നോക്കൂ എത്ര ആദരവാണ്. ഇപ്പോൾ നോക്കൂ എത്ര വലിയ-വലിയ *ഫ്ളാറ്റുകൾ* മുതലായവയാണ് ഉണ്ടാക്കുന്നത്. മനുഷ്യർ ദാനം ചെയ്യുന്നു ഇപ്പോൾ അതിൽ പുണ്യം ഒന്നും തന്നെ ഉണ്ടായിട്ടില്ല. മനുഷ്യർ കരുതുന്നത് നമ്മൾ എന്താണോ ഈശ്വരാർത്ഥം ചെയ്യുന്നത് അത് പുണ്യമാണെന്നാണ്. ബാബ പറയുന്നു എനിക്കായി നിങ്ങൾ ഏതേതെല്ലാം കാര്യങ്ങളിലാണ് നൽകുന്നത്! ദാനം അവർക്കാണ് നൽകേണ്ടത് - ആരാണോ പാപം ചെയ്യാത്തത്. അഥവാ പാപം ചെയ്താൽ നിങ്ങളുടെ മേൽ അതിന്റെ പ്രഭാവം വരും കാരണം നിങ്ങളാണ് പണം നൽകിയത്. പതിതർക്ക് കൊടുത്ത്- കൊടുത്താണ് നിങ്ങൾ ദരിദ്രരായി മാറിയത്. മുഴുവൻ പണവും തന്നെ വ്യർത്ഥമായി. കൂടിവന്നാൽ അൽപ സമയ സുഖം ലഭിക്കുന്നു, അതും *ഡ്രാമയാണ്.* ഇപ്പോൾ നിങ്ങൾ ബാബയുടെ ശ്രീമതത്തിലൂടെ പാവനമായിക്കൊണ്ടിരിക്കുന്നു - അവിടെ നിങ്ങളുടെ അടുത്ത് പണവും ധാരാളം ഉണ്ടായിരിക്കും. ഒരു പതിതനും അവിടെ ഉണ്ടായിരിക്കില്ല. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്. നിങ്ങളിൽ വളരെയധികം കുലീനതയുണ്ടായിരിക്കണം. ഗുരുവിന്റെ നിന്ദകർ ഗതി പ്രാപിക്കല്ല എന്ന് പറയാറുണ്ട്. അവരെ സംബന്ധിച്ച് അച്ഛനും, *ടീച്ചറും,* ഗുരുവും വേറെ വേറെയാണ്. ഇവിടെയാണെങ്കിൽ അച്ഛനും, *ടീച്ചറും,* ഗുരുവും ഒന്നുതന്നെയാണ്. അഥവാ നിങ്ങളെന്തെങ്കിലും തെറ്റായി ചെയ്യുകയാണെങ്കിൽ മൂന്ന് പേരുടെയും തന്നെ നിന്ദകരായി മാറും. സത്യമായ അച്ഛൻ, സത്യമായ *ടീച്ചർ,* സത്യ ഗുരുവിന്റെ മതത്തിലൂടെ നടക്കുന്നതിലൂടെ തന്നെ നിങ്ങൾ ശ്രേഷ്ഠരായി മാറുന്നു. ശരീരം തീർച്ചയായും ഉപേക്ഷിക്കുക തന്നെ വേണം എങ്കിൽ എന്തുകൊണ്ട് ഇതിനെ ഈശ്വരീയ, അലൗകിക സേവനത്തിൽ ഉപയോഗിച്ച് ബാബയിൽ നിന്ന് സമ്പത്തെടുത്തുകൂടാ. ബാബ പറയുന്നു ഞാനിതെടുത്ത് എന്ത് ചെയ്യാനാണ്. ഞാൻ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു. അവിടെയും കൊട്ടാരങ്ങളിൽ ഞാൻ വസിക്കുന്നില്ല, ഇവിടെയുള്ള കൊട്ടാരങ്ങളിലും ഞാൻ വസിക്കുന്നില്ല. പാടാറുണ്ട് ബം ബം മഹാദേവാ... എന്റെ സഞ്ചി നിറച്ച് തരൂ. എന്നാൽ അവർ എപ്പോൾ എങ്ങനെയാണ് സഞ്ചി നിറച്ച് തരുന്നത്, ഇതറിയില്ല. സഞ്ചി നിറച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും ചൈതന്യത്തിലായിരിക്കും. 21 ജന്മത്തേക്ക് നിങ്ങൾ വളരെ സുഖിയും ധനവാനുമാകുന്നു. ഇങ്ങനെയുള്ള ബാബയുടെ നിർദ്ദേശത്തിലൂടെ ഓരോ ചുവടും നടക്കണം. ലക്ഷ്യം വലുതാണ്. അഥവാ ആരെങ്കിലും എനിക്ക് സാധിക്കുന്നില്ല എന്ന് പറയുകയാണെങ്കിൽ, ബാബ പറയും - പിന്നെ നിങ്ങളെന്തിനാണ് ബാബയെന്ന് പറയുന്നത്! ശ്രീമത്തിലൂടെ നടക്കുന്നില്ലെങ്കിൽ വളരെയധികം ശിക്ഷകളനുഭവിക്കും. പദവിയും ഭ്രഷ്ടമാകും. ഗീതത്തിലും കേട്ടു - പറയുന്നുണ്ട് എന്നെ സുഖവും ശാന്തിയുമുള്ള ലോകത്തേക്ക് കൊണ്ട് പോകൂ. അത് നൽകാൻ ബാബയ്ക്ക് സാധിക്കും. ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കുന്നില്ലെങ്കിൽ തനിക്ക് തന്നെയാണ് നഷ്ടം വരുത്തുന്നത്. ഇവിടെ ചിലവിന്റെ കാര്യമൊന്നുമില്ല. ഗുരുവിന്റെ അടുത്ത് തേങ്ങാമിഠായി കൊണ്ടുപോകൂ എന്നോ അല്ലെങ്കിൽ സ്കൂളിൽ *ഫീസടക്കൂ* എന്നോ നിങ്ങളോട് പറയുന്നില്ല. യാതൊന്നും തന്നെയില്ല. പണമുണ്ടെങ്കിൽ നിങ്ങളുടെ കയ്യിൽ തന്നെ വച്ചോളൂ. നിങ്ങൾ കേവലം ജ്ഞാനം പഠിക്കൂ. ഭാവി ശോഭനമാക്കുന്നിൽ യാതൊരു നഷ്ടവുമില്ല.. ഇവിടെ തല കുനിക്കാനും പഠിപ്പിക്കുന്നില്ല. അരകൽപം നിങ്ങൾ പണം വച്ച്, തല കുനിച്ച്- കുനിച്ച് ദരിദ്രരായി മാറിയിരിക്കുന്നു. ഇപ്പോൾ ബാബ നിങ്ങളെ വീണ്ടും ശാന്തിധാമത്തിലേക്ക് കൊണ്ട് പോകുന്നു. അവിടെ നിന്ന് സുഖധാമത്തിലേക്ക് അയക്കും. ഇപ്പോൾ നവയുഗം, പുതിയ ലോകം വരാനിരിക്കുന്നു. നവയുഗമെന്ന് സത്യയുഗത്തെയാണ് പറയുന്നത് പിന്നീട് കലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബ നിങ്ങളെ യോഗ്യരാക്കിക്കൊണ്ടിരിക്കുന്നു. നാരദന്റെ ഉദാഹരണം.... അഥവാ ഏതെങ്കിലും ഭൂതമുണ്ടെങ്കിൽ നിങ്ങൾക്ക് ലക്ഷ്മിയെ വരിക്കാൻ സാധിക്കില്ല.

ഇവിടെ നിങ്ങൾ കുട്ടികൾക്ക് നിങ്ങളുടെ വീടും കുടുംബവും സംരക്ഷിക്കണം ഒപ്പം സേവനവും ചെയ്യണം. ആദ്യം ഇദ്ദേഹമാണ് ഓടി വന്നത് അതുകൊണ്ട് തന്നെ ഇദ്ദേഹത്തിന് വളരെയധികം അടിയും കൊണ്ടു. വളരെ അത്യാചാരങ്ങൾ ഉണ്ടായി. അടിയുടെ വിഷമവും ഇദ്ദേഹത്തിനില്ലായിരുന്നു. ഭട്ഠിയിൽ ചിലർ പാകപ്പെട്ടു, ചിലർ പാകപ്പെടാതെ പോയി. *ഡ്രാമയുടെ* ഭാവി അങ്ങനെയായിരുന്നു. എന്ത് സംഭവിച്ചോ അത് വീണ്ടും സംഭവിക്കും. നിന്ദകളും നൽകും. ഏറ്റവും വലിയ നിന്ദയനുഭവിക്കുന്നത് പരംപിതാ പരമാത്മാ ശിവനാണ്. പറയുന്നു പരമാത്മാവ് സർവ്വവ്യാപിയാണ്, പട്ടിയിലും, പൂച്ചയിലും, മത്സ്യത്തിലും, കൂർമ്മത്തിലും എല്ലാത്തിലുമുണ്ട്. ബാബ പറയുന്നു ഞാൻ പരോപകാരിയാണ്. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിന്റെ രാജകുമാരനല്ലേ. ആ കൃഷ്ണനെക്കുറിച്ച് പിന്നീട് പറയുന്നു, പാമ്പ് കടിച്ചു, കറുത്തുപോയി. ഇപ്പോൾ അവിടെ സർപ്പമെങ്ങനെ കടിക്കും. കൃഷ്ണപുരിയിൽ കംസൻ എവിടെ നിന്ന് വന്നു? ഇതെല്ലാം കെട്ടുകഥകളാണ്. ഇത് ഭക്തി മാർഗ്ഗത്തിന്റെ സാമഗ്രിയാണ്, ഇതിലൂടെ നിങ്ങൾ താഴേക്ക് ഇറങ്ങി വന്നു. ബാബ നിങ്ങളെ പുഷ്പ സമാനമാക്കി മാറ്റുന്നു. ചിലരാണെങ്കിൽ വളരെ വലിയ മുള്ളുകളാണ്. *ഓ ഗോഡ് ഫാദറെന്ന്* പറയാറുണ്ട്, എന്നാൽ ഒന്നും തന്നെ അറിയില്ല. അച്ഛൻ തന്നെയാണ് എന്നാൽ അച്ഛനിൽ നിന്ന് എന്ത് സമ്പത്താണ് ലഭിക്കുന്നത്, ഒന്നും തന്നെ അറിയില്ല. പരിധിയില്ലാത്ത ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകാൻ വന്നിരിക്കുന്നു. നിങ്ങളുടെ ഒരച്ഛനാണ് ലൗകിക പിതാവ്, രണ്ടാമത്തേതാണ് അലൗകിക പ്രജാപിതാ ബ്രഹ്മാവ്, മൂന്നാമത്തേതാണ് പാരലൗകിക ശിവൻ. നിങ്ങൾക്ക് 3 അച്ഛൻമാരായി. നിങ്ങൾക്കറിയാം നമ്മൾ മുത്തച്ഛനിൽ നിന്ന് ബ്രഹ്മാവിലൂടെ സമ്പത്തെടുക്കുകയാണ്, അപ്പോൾ ശ്രീമതത്തിലൂടെ നടക്കണം, എങ്കിൽ മാത്രമേ ശ്രേഷ്ഠമാകൂ. സത്യയുഗത്തിൽ നിങ്ങൾ പ്രാലബ്ധം അനുഭവിക്കുകയാണ് ചെയ്യുന്നത്. അവിടെ പ്രജാപിതാ ബ്രഹ്മാവിനെയും അറിയില്ല, ശിവനെയും അറിയില്ല. അവിടെ കേവലം ലൗകിക പിതാവിനെ മാത്രമേ അറിയൂ. സത്യയുഗത്തിൽ ഒരച്ഛനാണുള്ളത്. ഭക്തിയിലുള്ളത് രണ്ടച്ഛൻമാരാണ്. ലൗകിക അച്ഛനും പാരലൗകിക അച്ഛനും. ഈ സംഗമത്തിൽ 3 അച്ഛൻമാർ. ഈ കാര്യങ്ങൾ മറ്റാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. അപ്പോൾ നിശ്ചയമുണ്ടായിരിക്കണം. ഇപ്പോളിപ്പോൾ നിശ്ചയം, കുറച്ച് കഴിയുമ്പോൾ സംശയം ഇങ്ങനെയാകരുത്. ഈ നിമിഷം ജനനം അടുത്ത നിമിഷം മരണം. മരിച്ചുവെങ്കിൽ സമ്പത്തും നഷ്ടമായി. ഇങ്ങനെയുള്ള ബാബയ്ക്ക് വിട നൽകി പോകരുത്. എത്രത്തോളം നിരന്തരം ഓർമ്മിക്കുന്നോ, സേവനം ചെയ്യുന്നോ അത്രയും ഉയർന്ന പദവി നേടും. എന്റെ നിർദ്ദേശത്തിലൂടെ നടക്കുകയാണെങ്കിൽ രക്ഷപ്പെടും ഇതും ബാബ പറഞ്ഞ് തരുന്നു. അല്ലെങ്കിൽ വളരെ ശിക്ഷ അനുഭവിക്കേണ്ടി വരും. എല്ലാം സാക്ഷാത്ക്കാരം ചെയ്യിക്കും, നിങ്ങൾ ഇന്ന പാപം ചെയ്തു. ശ്രീമതത്തിലൂടെ നടന്നില്ല. സൂക്ഷ്മ ശരീരം ധാരണ ചെയ്യിച്ച് ശിക്ഷ നൽകുന്നു. ഗർഭ ജയിലിലും സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. ഇന്ന പാപ കർമ്മം ചെയ്തിട്ടുണ്ട് ഇപ്പോൾ ശിക്ഷ അനുഭവിച്ചോളൂ. വൃക്ഷം വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ആര് ഈ ധർമ്മത്തിലേതായിരുന്നോ, പിന്നീട് മറ്റു ധർമ്മത്തിലേക്ക് പോയിട്ടുണ്ടോ, അവരെല്ലാം തരിച്ച് വരും. ബാക്കി എല്ലാവരും അവരവരുടെ *സെക്ഷനിലേക്ക്* പോകും. വേറെ-വേറെ *സെക്ഷനുകളുണ്ട്.* വൃക്ഷത്തെ നോക്കൂ എങ്ങനെയാണ് വളരുന്നതെന്ന്. ചെറിയ-ചെറിയ ശാഖകൾ വന്നുകൊണ്ടിരിക്കും. നിങ്ങൾക്കറിയാം മധുരമായ ബാബ വന്നിരിക്കുന്നു നമ്മളെ തിരിച്ച് കൊണ്ടുപോകുന്നതിന്, അതുകൊണ്ടാണ് ബാബയെ *ലിബറേറ്ററെന്ന്* പറയുന്നത്. ദുഃഖഹർത്താ സുഖ കർത്താവാണ്. *ഗൈഡായി* വീണ്ടും സുഖധാമത്തിലേക്ക് കൊണ്ട് പോകും. പറയുകയും ചെയ്യുന്നു അയ്യായിരം വർഷങ്ങൾക്ക് മുൻപ് നിങ്ങളെ സുഖത്തിന്റെ സംബന്ധത്തിലേക്ക് അയച്ചിരുന്നു. നിങ്ങൾ 84 ജന്മങ്ങളെടുത്തു. ഇപ്പോൾ ബാബയിൽ നിന്ന് സമ്പത്തെടുക്കൂ. ശ്രീകൃഷ്ണനോട് എല്ലാവർക്കും സ്നേഹമുണ്ട്. കൃഷ്ണനോടുള്ളത്രയും ലക്ഷ്മീ-നാരായണനോടില്ല. രാധയും കൃഷ്ണനും തന്നെയാണ് ലക്ഷ്മിയും-നാരായണനുമാകുന്നതെന്ന കാര്യം മനുഷ്യർക്കറിയില്ല. ആർക്കും തന്നെ ഈ കാര്യത്തെ അറിയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം രാധയും കൃഷ്ണനും വേറെ-വേറെ രാജധാനിയിലേതായിരുന്നു പിന്നീട് സ്വയംവരത്തിന് ശേഷം ലക്ഷ്മീ-നാരായണനായി. അവരാണെങ്കിൽ കൃഷ്ണനെ ദ്വാപരത്തിലേക്ക് കൊണ്ട് പോയി. കൃഷ്ണനെ പതിത-പാവനനെന്ന് പറയാൻ ആർക്കും സാധിക്കില്ല. ദിവസവും പഠിക്കാതെ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) തന്റെ പെരുമാറ്റം വളരെ കുലീനമാക്കണം, വളരെ കുറച്ചും മധുരവുമായി സംസാരിക്കണം. ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഓരോ ചുവടും ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം.

2) പഠിത്തം വളരെ ശ്രദ്ധയോടെ നല്ല രീതിയിൽ പഠിക്കണം. മാതാ പിതാവിനെ പിൻതുടർന്ന് സിംഹാസന ധാരിയും, അവകാശിയുമാകണം. ക്രോധത്തിന് വശപ്പെട്ട് ദുഃഖം നൽകരുത്.

## വരദാനം:- സാധാരണ കർമ്മങ്ങൾ ചെയ്തുകൊണ്ടും ശ്രേഷ്ഠ സ്മൃതിയുടെയും സ്ഥിതി യുടെയും തിളക്കം കാണിക്കുന്ന പുരുഷോത്തമ സേവാധാരിയായി ഭവിക്കട്ടെ.

യഥാർത്ഥ രത്നം എത്രതന്നെ ചെളിയിൽ ഒളിഞ്ഞുകിടന്നാലും അതിന്റെ തിളക്കം തീർച്ചയായും കാണിക്കും, അതേപോലെ താങ്കളുടെ ജീവിതം വജ്രതുല്യമാണ്. അതിനാൽ ഏതൊരു സാഹചര്യത്തിലും ഏതൊരു സംഘടനയിലും താങ്കളുടെ തിളക്കം അതായത് ആ തിളക്കവും സമ്പന്നതയും സർവ്വർക്കും കാണപ്പെടും. സാധാരണ കർമ്മമാണ് ചെയ്യുന്നതെങ്കിലും സ്മൃതിയും സ്ഥിതിയും ഇത്രയും ശ്രേഷ്ഠമായിരിക്കണം ആര് കണ്ടാലും തോന്നണം ഇവർ ഒരു സാധാരണ വ്യക്തിയല്ല, ഇവർ സേവാധാരിയായിരുന്നുകൊണ്ടും പുരുഷോത്തമരാണ്.

## സ്ലോഗൻ:- സത്യമായ രാജഋഷി അവരാണ് ആർക്കാണോ സങ്കൽപമാത്ര പോലും ഒന്നി നോടും അടുപ്പമില്ലാത്തത്.